**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1992** **20-06-2024 - ൽ മറുപടിയ്ക്ക്**

**മിൽമയുടെ വരുമാന വർദ്ധനവിനായുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മിൽമയുടെ വരുമാന വർദ്ധനവിനും ആധുനികവൽക്കരണത്തിനുമായി സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തിനുള്ളിൽ ഉൽപ്പാദിപ്പിക്കുന്ന അധികം പാൽ പൊടിയാക്കി മാറ്റുന്നതിനായി മലപ്പുറം ജില്ലയിലെ മൂർക്കനാട്, പ്രതിദിനം 10 മെട്രിക് ടൺ ഉല്പാദന ശേഷിയുള്ള ഒരു പാൽപ്പൊടി നിർമ്മാണശാല സ്ഥാപിക്കുന്നതിനായി 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിലായി 15 കോടി രൂപ സർക്കാരിൽ നിന്നും പദ്ധതി വിഹിതമായി മിൽമയ്ക്ക് ലഭിച്ചിട്ടുണ്ട്.<br><br>ഇക്കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വിപണി വിപുലീകരിക്കുന്നതിന് പ്രത്യേക ശ്രദ്ധ പുലർത്തി സപ്ലൈകോ, കൺസ്യൂമർ ഫെഡ്, കെ-സ്റ്റോർ, ശുചിത്വ മിഷൻ, ദേവസ്വം ബോർഡ്, ഇന്ത്യൻ റയിൽവെ തുടങ്ങിയവയുമായി ചേർന്ന് വിപണി വിപുലീകരണ ശ്രമങ്ങൾ നടന്നു വരുന്നു.<br><br>മറ്റു ബ്രാൻഡുകളോട് മത്സരിച്ചു നിൽക്കുന്ന രീതിയിലുള്ളതും ഉപഭോക്താക്കളുടെ മാറുന്ന അഭിരുചിക്കനുസൃതമായതുമായ വിവിധതരം ഉൽപ്പനങ്ങൾ മിൽമ വിപണിയിൽ അവതരിപ്പിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി മിൽമയുടെ പുതിയ പ്രീമിയം ചോക്ലേറ്റുകളായ മൂന്നുതരം ഡാർക്ക് ചോക്ളേറ്റുകൾ, ഡെലിസ മിൽക്ക് ചോക്ലേറ്റ്, മിൽമ ചോക്കോഫുൾ, ഒസ്മാനിയ ബട്ടർ ബിസ്കറ്റ് ബട്ടർഡ്രോപ്സ് എന്നിവയുടെ വിപണനോദ്ഘാടനം മലയാളത്തിന്റെ മഹോത്സവമായ കേരളീയം 2023 ന്റെ വേദിയിൽ വച്ച് 02.11.2023 ന് നടന്നിരുന്നു. ഡാർക്ക് ചോക്ലേറ്റ് അവതരിപ്പിക്കുന്ന ഇന്ത്യയിലെ രണ്ടാമത്തെ സഹകരണ സ്ഥാപനമാണ് മിൽമ. മിൽമ ഉൽപ്പന്നങ്ങൾ ഗൾഫിലെ ലുലു ഹൈപ്പർ മാർക്കറ്റുകൾ വഴി വിൽക്കാൻ കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷനും ലുലു ഗ്രൂപ്പ് ഇന്റർനാഷണലുമായി ധാരണാപത്രം ഒപ്പിട്ടു. ആഗോള ബ്രാൻഡായി മിൽമ മാറുന്നതിന് ലുലു ഗ്രൂപ്പുമായുള്ള |

| | | | |
|---|---|---|---|
| | | | സഹകരണം വഴിവയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന്റെ ഗുണം ആത്യന്തികമായി കർഷകർക്കായിരിക്കും ലഭിക്കുന്നത്. ലുലു ഗ്രൂപ്പുമായുള്ള സഹകരണത്തിലൂടെ വരും വർഷങ്ങളിൽ വിറ്റു വരവിൽ മികച്ച പുരുരോഗതിയാണ് മിൽമ പ്രതീക്ഷിക്കുന്നത്.<br><br>കൂടാതെ മിൽമ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, എച്ച്.പി.സി.എൽ എന്നിവയുമായി സഹകരിച്ച് അവരുടെ പെട്രോൾ പമ്പുകളിൽ മിൽമ ഔട്ട്‌ലെറ്റുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. |
| (ബി) | സംസ്ഥാനത്തെ ടൂറിസം വകുപ്പുമായി ചേർന്ന് എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും മിൽമ പാർലർ സ്ഥാപിക്കുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കുമോ ; വിശദമാക്കാമോ? | (ബി) | നിലവിൽ സംസ്ഥാനത്തെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മിൽമ പാർലറുകൾ പ്രവർക്കിക്കുന്നുണ്ട്. എന്നാൽ ടൂറിസം വകുപ്പുമായി ചേർന്ന് മിൽമ പാർലർ സ്ഥാപിക്കുന്നതിനായി പ്രത്യേക പദ്ധതികൾ ഒന്നും തന്നെ നിലവിലില്ല. |

സെക്ഷൻ ഓഫീസർ